പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **852** 30/06/2011 ൽ മറുപടിയ്ക്ക്

## ലാന്റ് ഇൻഫർമേഷൻ കമ്മീഷൻ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. വി. റ്റി. ബൽറാം: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലാന്റ് ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിച്ചതെന്നാണ്; | (എ) | 17/10/2008 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) 346/2008/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ഭൂമികേരളം പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ രൂപീകരിച്ചു. |
| (ബി) | പ്രസ്തുത കമ്മീഷന്റെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമാണ്; | (ബി) | സമയ ബന്ധിതമായി സംസ്ഥാനത്തിന്റെ സർവെ പൂർത്തീകരിക്കുക, സർക്കാർ ഭൂമി അളന്നു തിട്ടപ്പെടുത്തുക, 27,000 ഹെക്ടർ ഭൂമി ആദിവാസികൾക്ക് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി വിതരണം ചെയ്യുക, തിരുവനന്തപുരം ജില്ലയിലെ 31 വില്ലേജുകളുടെ റീസർവെ എൻ.എൽ.ആർ.എം.പി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുക, ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമിയുടെ റീസർവെ പൂർത്തീകരിക്കുക, അധികഭൂമി ഉണ്ടെങ്കിൽ കണ്ടെത്തുക, സർക്കാർ നിർദ്ദേശിക്കുന്ന സ്പെഷ്യൽ പ്രോജക്ടുകൾ സമയ ബന്ധിതമായി പൂർത്തിയാക്കുക. |
| (സി) | പ്രസ്തുത കമ്മീഷനും അതിന്റെ കീഴിലുള്ള സ്റ്റാഫിനും വേണ്ടി ഇതുവരെ എന്തു തുക ചെലവഴിച്ചു; | (സി) | മിഷന്റെ കീഴിലുള്ള സ്റ്റാഫിന് വേണ്ടി നാളിതുവരെ 56,23,141/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കമ്മീഷന്റെ നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) | എസ്. സി/എസ്. റ്റി വകുപ്പിന്റെ നിർദ്ദേശ പ്രകാരമുള്ള ആദിവാസി സർവെ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചെങ്ങറ സർവെ, അലിഗഢ് യൂണിവേഴ്സിറ്റി മുതലായവയുടെ സർവെ ജോലികൾ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ് വെള്ളയമ്പലം, പുൽമേട് ദുരിത ബാധിത പ്രദേശത്തെ കോണ്ടൂർ സർവ്വേ മുതലായ പ്രോജക്ടുകളും ഭൂമികേരളം പദ്ധതിയുടെ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ